പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1687 | 08-06-2018- ൽ മറുപടിക്ക്

## അഗ്രോ പാർക്കുകൾ

ചോദ്യം | ഉത്തരം

ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 22/06/2017 ലെ സ.ഉ(ആർ.റ്റി) നമ്പർ.625/2017/കൃഷി പ്രകാരം സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിനും, നടപ്പാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടമായി ബനാന & ഹണി പാർക്ക്, കോക്കനട്ട് പാർക്ക്, വെജിറ്റബിൾ പാർക്ക്, മാംഗോ പാർക്ക് എന്നീ 5 അഗ്രോ പാർക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 01.01.2018 ലെ G.O(MS)No.1/2018/AD പ്രകാരം പദ്ധതിയ്ക്ക് 100.13 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയ്ക്ക് DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB) - ന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 14.28 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ DPR,KAICO തയ്യാറാക്കി വരുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതെന്നും ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും അവ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ? | (ബി) | അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് - നാളികേര അഗ്രോ പാർക്കുകൾ.<br>2. ആലപ്പുഴ, എറണാകുളം - നെല്ലിനെ ആസ്പദമാക്കിയുളള അഗ്രോ പാർക്കുകൾ.<br>3. തൃശൂർ - വാഴപ്പഴം, തേൻ എന്നിവ ആസ്പദമാക്കിയുളള അഗ്രോ പാർക്കുകൾ.<br>4. ഇടുക്കി - സുഗന്ധദ്രവ്യങ്ങൾ ആസ്പദമാക്കിയുളള അഗ്രോ പാർക്ക്.<br>5. കോട്ടയം - റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്.<br>6. തൃശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്ക് വേണ്ടിയുളള അഗ്രോ പാർക്ക്.<br>7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്കുകൾ.<br>8. സ്പെഷ്യാലിറ്റി റൈസ് & കോഫി പാർക്ക് - വയനാട്<br>9. ഫ്ളോറിക്കൾച്ചർ പാർക്ക് - തിരുവനന്തപുരം, പാലക്കാട്<br>സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായിട്ടാണ് വിവിധ മേഖലകളിൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. കർഷകരുടെയും സഹകരണ സൊസൈറ്റികളുടെയും സംയുക്ത കൂട്ടായ്മയിൽ കൂടിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. ഓരോ പാർക്കും ഓരോ തരം കാർഷിക വിളകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. സാങ്കേതിക നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചുളള വിളവെടുപ്പും തുടർന്നുളള പ്രോസ്സസിംഗ്, മാർക്കറ്റിംഗ് എന്നിവയും കൂടി ഉൾക്കൊളളിച്ചിട്ടുളള ഒരു പദ്ധതിയാണ്. വിവിധ അഗ്രോ പാർക്കുകൾ വഴിയുളള അഗ്രോ പ്രോഡക്ടുകൾക്ക് പൊതുവായ ബ്രാൻഡിംഗ് നൽകുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ